(ബി നാളിതുവരെയായി ആയതിന്മേൽ എന്തെല്ലാം തുടർനടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) സർവ്വേ റിക്കാർഡിൽ തെറ്റുകൾ തിരുത്തിക്കിട്ടുന്നതിന് ഒരു അപേക്ഷ ലഭിച്ചാൽ, ആയതിന്മേൽ എത്ര ദിവസംകൊണ്ട് തീരുമാനം കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ; നാളിതുവരെ തീരുമാനം കൈക്കൊള്ളാത്തത് എന്തുകൊണ്ട്;

(ഡി) ഇക്കാര്യത്തിൽ നടപടി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 8-9-2004-ൽ.

(ബി) 10-9-2004-ൽ അനന്തര നടപടികൾക്കായി സർവ്വേയർക്ക് കൈമാറി. അപേക്ഷകന്റെ ആവശ്യം എന്തായിരുന്നു എന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ലാത്തതുകൊണ്ടും, അപേക്ഷയോടൊപ്പം ചേർത്തിരിക്കുന്ന പ്രമാണം മറ്റൊരാളിന്റേതായിരുന്നതിനാലും നടപടി തുടങ്ങാൻ കാലതാമസം വന്നു. 1-2-2005-ൽ ശ്രീ. സെൽവരാജ് നേരിട്ട് സൂപ്രണ്ടിനെക്കണ്ട് കാര്യങ്ങൾ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ സർവ്വേയർ സ്ഥലപരിശോധന നടത്തി റിപ്പോർട്ട് നൽകി. ഈ സ്ഥലം അപേക്ഷകൻ ഉൾപ്പെടെയുള്ളവർ പ്രത്യേകം അതിർത്തി തിരിക്കാതെ കൂട്ടായി കൈവശം വച്ചിട്ടുള്ളതായതിനാൽ പ്രത്യേകം തിരിച്ച് ഓരോരുത്തരുടെയും സ്ഥലവും വിസ്തീർണ്ണവും കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. അപേക്ഷകൻ ആവശ്യപ്പെട്ട സബ്ഡിവിഷനിൽ അളവുകളിലോ, വിസ്തീർണ്ണത്തിലോ വ്യത്യാസം കാണുന്നില്ല.

(സി) 3 മാസത്തിനകം, എന്നാൽ ഈ കേസിൽ കൃത്യമായ രേഖകൾ ഹാജരാക്കാതിരുന്നതുമൂലം കാലതാമസമുണ്ടായിട്ടുണ്ട്.

(ഡി) റീസർവ്വേ നിയമം അനുസരിച്ച് പ്രമാണപ്രകാരം ഓരോരുത്തർക്കും അവകാശപ്പെട്ട സ്ഥലം പ്രത്യേകം തിരിച്ച് ഭൂമിയിൽ വ്യക്തമായ അതിർത്തി ബോധ്യപ്പെടുത്തിയാൽ മാത്രമേ നടപടി പൂർത്തിയാക്കാൻ കഴിയുകയുള്ളൂ

കൈവശരേഖ നൽകുന്ന പദ്ധതി

93 [2157] ശ്രീ. എ. എ. അസീസ്:

„ കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം കൈവശഭൂമിക്ക്, കൈവശരേഖ നൽകുന്ന പദ്ധതി പ്രകാരം എത്ര ഹെക്ടർ ഭൂമിക്ക് കൈവശരേഖ നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനി എത്ര ഭൂമിക്ക് കൈവശരേഖ നൽകാനുണ്ട്;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1725.23.44 ഹെക്ടർ.

(ബി) ഇനി 388.49.099 ഹെക്ടർ ഭൂമിക്ക് കൈവശരേഖ നൽകാനുണ്ട്.

(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ജില്ല	*കൈവശരേഖ നൽകാനുള്ള ഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)*
തിരുവനന്തപുരം	2.04.903
കൊല്ലം	1.84.38
ആലപ്പുഴ	2.29.47
പത്തനംതിട്ട	0.34.00
കോട്ടയം	0.52.216
ഇടുക്കി	370.20.27
എറണാകുളം	0.93.62
തൃശ്ശൂർ	2.32.17
പാലക്കാട്	..
മലപ്പുറം	4.67.25
കോഴിക്കോട്	..
കണ്ണൂർ	1.69.72
വയനാട്	1.61.10
കാസർഗോഡ്	..
ആകെ	388.49.099

LIBRARY ARCHIVES Kerala Legislative Assembly